
# പൊതുവാച്ചേരി

# സെൻട്രൽ യു.പി. സ്കൂൾ

## അക്കാദമിക

## മാസ്റ്റർ പ്ലാൻ 2025 - 26



# ക്ലാസ് - II

## മലയാളം

### ആമുഖം

പൊതു വിദ്യാഭ്യാസ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പ്രവർത്തങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. ഒന്നാം ക്ലാസിൽ നിന്നും രണ്ടാം ക്ലാസിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നവയോടൊപ്പം സർഗ്ഗാത്മക രചനകൾക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ശിശു സൗഹൃദപരവും കൂടുതൽ ആസ്വാദകരമാക്കാനും പാട്ടരങ്ങ്, റീഡേഴ്സ് തീയറ്റർ എന്നീ പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

### പ്രവർത്തനലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളും ചെറു വാക്യങ്ങൾ എഴുതാൻ കഴിവുനേടുന്നു.
   (പരിചയിച്ച അക്ഷരങ്ങൾ ഉപയോഗിച്ച്)
2. എല്ലാ കുട്ടികളും ചെറുവാക്യങ്ങൾ ഉൾപ്പെട്ട രചനകൾ വായിക്കാൻ കഴിവു നേടുന്നു.
3. എല്ലാ കുട്ടികളും രക്ഷിതാവിന്റെ പിന്തുണയോടെ സചിത്രഡയറി തയ്യാറാക്കുന്നു.

# ക്ലാസ് - II

## ഇംഗ്ലീഷ്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk............ പ്രതിഭാധനരുമായി സംവദിക്കൽ | മൂന്ന് മാസത്തിൽ ഒന്ന് | SRG |
| | English ബാലസഭ | മാസത്തിൽ ഒന്ന് | Class Teacher |
| | ഇംഗ്ലീഷ് അസംബ്ലി<br>Oneday English | ആഴ്ച്ചയിൽ ഒന്ന് | SMC |

# ക്ലാസ് - III

## ഇംഗ്ലീഷ്

1) ഇംഗ്ലീഷ് കോർണർ

ദൈനം ദിന പ്രവർത്തനങ്ങൾ

| | |
|---|---|
| തിങ്കൾ | News reading |
| ചൊവ്വ | Book reading |
| ബുധൻ | Diary reading |
| വ്യാഴം | Conversation |
| വെള്ളി | Songs/rhymes presentation |

2) ലെറ്റർ കാർഡുകൾ ഉപയോഗിച്ച് ക്ലാസിലെ മുഴുവൻ കുട്ടികകളെ പങ്കെടുപ്പിച്ച് കൊണ്ട് പ്രവർത്തനം.

ആഴ്ച്ചയിൽ ഒരു ദിവസം ടീച്ചർ കുട്ടികൾക്ക് ഒരു **word** കൊടുക്കണം. പിന്നീട് ഓരോ കുട്ടിയും വന്ന് ആ വാക്കിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തി ക്രമീകരിക്കുന്നു, വായിക്കുന്നു

# ക്ലാസ് - IV

## മലയാളം

* ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ.
* ആവശ്യമായ സാമഗ്രികൾ ഒരുക്കൽ.
* ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് എന്നിവ തയ്യാറാക്കൽ.

## പരിസരപഠനം

* പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ.
* ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ.
* ഭൂപട വായന, ഭൂപട രചന, സൂചികാനിർമ്മാണം.
* ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ.
* ശാസ്ത്ര പതിപ്പ്, ചാർട്ട് ആൽബം, പഠനോപകരണം എന്നിവയുടെ പ്രദർശനം.

# ക്ലാസ് - IV

## ഗണിതം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഗണിത കേളികൾ (കളികൾ) | ആഴ്ച്ചയിൽ ഒന്ന് | SRG |
| | പസിൽസ് | ആഴ്ച്ചയിൽ ഒന്ന് | Class Teacher |
| | പഠനോപകരണ നിർമ്മാണ ശിൽപശാല | വർഷത്തിൽ ഒന്ന് | SMC |
| | ഗണിത അസംബ്ലി | ആഴ്ച്ചയിൽ ഒന്ന് | |
| | ഗണിതലാബ് (ക്ലാസുകളിൽ) | | |
| | ഗണിത ബാലസഭ | മാസത്തിൽ ഒന്ന് | |
| | ഗണിത ക്യാമ്പ് | വർഷത്തിൽ ഒന്ന് | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|
| **വായന**<br>* ആശയാവതരണരീതിയിലൂടെ ഭാഷാനുഭവങ്ങൾ ഒരുക്കൽ.<br>* ആശയാവതരണസമീപനത്തിലൂടെ ഓരോ കുട്ടിക്കും ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക.<br>* എല്ലാകുട്ടികളും ആശയം ഉൾക്കൊണ്ട് സ്വതന്ത്ര വായനക്കാരാകുക. | ക്ലാസ് ലൈബ്രറി ശാക്തീകരണം<br>വായനാമൂല ഒരുക്കൽ<br>പത്രവായന<br>വായന കാർഡ് തയ്യാറാക്കൽ<br>കുട്ടിപ്പാട്ടുകൾ (പാട്ടരങ്ങ്)<br>റീഡേഴ്സ് തീയറ്റർ | ജൂൺ മുതൽ മാർച്ച് വരെ |
| **ലേഖനം**<br>* നേടിയ ആശയങ്ങൾ സ്വതന്ത്രമായി എഴുതി പ്രകടിപ്പിക്കുക.<br>* കുട്ടികളുടെ സർഗ്ഗാത്മക കഴിവുകളുടെ അവതരണം.<br>* സ്വന്തമായി ഡയറി എഴുത്ത്. | വിവരണം തയ്യാറാക്കൽ (വായിച്ച കൃതികളെക്കുറിച്ച്)<br>ഡയറിക്കുറിപ്പ് തയ്യാറാക്കൽ<br>വരികൾ കൂട്ടിച്ചേർക്കൽ<br>കഥാപൂരണം | ജൂൺ മുതൽ മാർച്ച് വരെ |

# അറബി എൽ.പി. & യു.പി.

ഒന്നാം തരം മുതൽ ഏഴാം തരം വരെ

ലക്ഷ്യം : കുട്ടികൾക്ക് അറബി വായന എഴുത്ത് തുടങ്ങിയ കഴിവുകളോടൊപ്പം കേട്ടുമനസ്സിലാക്കാനും എഴുത്തിലും അവരവരുടെ നിലയും കഴിവും അനുസരിച്ച് പ്രാവീണ്യം നേടാൻ വേണ്ടുന്ന കാര്യം ചെയ്തുകൊടുക്കുന്ന വിധം വിവിധ പരിപാടികൾ നടപ്പിലാക്കുക.

മൂല്യാധിഷ്ഠിതമായി പ്രകൃതി സൗഹൃദമായി ചിന്തിക്കാൻ പ്രേരിപ്പിക്കും വിധത്തിലും മാനസിക ഉല്ലാസവും ശക്തിയും ലഭ്യമാകും വിധം സമൂഹത്തോട് ചേർന്ന് ജീവിക്കാനുള്ള താൽപര്യം ജനിപ്പിക്കുക.

പ്രവർത്തനങ്ങൾ : ക്ലാസുകളുടെ രൂപീകരണം വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് പരിപാടികൾ സംഘടിപ്പിക്കുക.

- ഡിക്ഷണറി നിർമ്മാണം.
- അറബിക് അസംബ്ലികൾ.
- അലിഫ് ടാലന്റ് ടെസ്റ്റ്.
- അൽമാഹിർ ടാലന്റ് ടെസ്റ്റ്.
- ഉപജില്ലാ മത്സരങ്ങളുമായി ബന്ധപ്പെട്ട് കുട്ടികളെ ആത്മ വിശ്വാസത്തോടെ പങ്കെടുക്കാൻ സാധിക്കുന്ന വിധത്തിൽ കുട്ടികളെ സജ്ജരാക്കാനുള്ള പരിപാടികൾ.
- വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള കാർഡ് നിർമ്മാണം.
- വീഡിയോ പ്രദർശനങ്ങൾ.
- അറബി ഭാഷയിലുള്ള കൊച്ചു കൊച്ചു കഥകൾ കേൾപ്പിക്കുകയും അവ മാതൃഭാഷയിലേക്ക് പരിഭാഷപ്പെടുത്താനുള്ള അവസരങ്ങൾ സൃഷ്ടിക്കൽ.
- അറബിക് പിരീഡുകൾക്കുള്ളിൽ വെച്ചു തന്നെ സ്പോക്കൺ അറബി പരിശീലനം.

* കാലയളവ് - ജൂൺ മുതൽ മാർച്ച് അധ്യാപകർ.

ചുമതല - LP, UP അറബിക് അധ്യാപകർ.

സഹായം - അറബിക് - അലിഫ് ക്ലബ് ഭാരവാഹികളായ കുട്ടികൾ.

# സംസ്കൃതം എൽ.പി. - യു.പി.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും സംസ്കൃതം ഭാഷ എഴുതാനും വായിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | അക്ഷരകാർഡുകൾ ഉപയോഗപ്പെടുത്തുന്നു.<br>ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു.<br>അക്ഷരങ്ങളെ ചിഹ്നങ്ങൾ ചേർത്ത് പരിചയപ്പെടുത്തുന്നു. ചാർട്ടിൽ അക്ഷരങ്ങളും ചിഹ്നങ്ങളും ചേർത്ത് അക്ഷരങ്ങളും നൽകുന്ന വായനക്കായി അവസരം ഒരുക്കുന്നു. ചിത്രങ്ങളുടെ സഹായത്തോടുകൂടി പദങ്ങൾ നൽകി വായനക്കായി അവസരം നൽകുന്നു. | | | |
| നിർമാണ പാടവം<br>സംസ്കൃതജ്ഞാനം | കഥകൾ, കവിതകൾ, കടങ്കഥകൾ തുടങ്ങിയവ ഉൾപ്പെടുന്ന സംസ്കൃത മാസിക തയ്യാറാക്കൽ. | | | |
| ശേഖരണ പാടവം<br>സംസ്കൃതജ്ഞാനം | നിത്യോപയോഗ സാധനങ്ങളുടെ പേരുകൾ സംസ്കൃതത്തിൽ. | | | |
| സഭാകമ്പ നിവാരണം<br>സംസ്കൃതജ്ഞാനം<br>അവതരണ പാടവം | സംസ്കൃതം സാഹിത്യവേദി അറിയുന്ന കലകൾ എല്ലാവർക്കും അവതരിപ്പിക്കാനുള്ള അവസരം ഉചിതമായ പ്രോത്സാഹനം നൽകൽ | | | |

# മലയാളം യു.പി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം<br>പദസമ്പത്ത് വർധിപ്പിക്കുക | അവധികാല അനുഭവങ്ങൾ വിവധ വ്യവഹാര രൂപത്തിലൂടെ (കഥ , കവിത, അനുഭവകുറിപ്പ്) അവതരിപ്പിക്കുന്നു | June | Malayalam Teacher |
| 2) പഠിതാവിൽ അർത്ഥ പൂർണ വായന ഉറപ്പ് വരുത്തുക. | വാർത്താ ലോകത്തേക്ക് പത്രം മാസികകൾ എന്നിവ ഉച്ചാരണശുദ്ധി വളർത്തുകയും പ്രതികരണ ശേഷി വർധിപ്പിക്കുകയും ചെയ്യുക. | എല്ലാ ദിവസവും | Teacher |
| | വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡ് ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | June-March | |
| 3) കാലാവാസാന പ്രോത്സാഹിപ്പിക്കൽ | രംഗാവിഷ്കാരം<br>പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽ കാഴ്ച്ചകൾ, ലഘു നാടകങ്ങൾ, എന്നിവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരമുണ്ടാക്കുന്നു. | അക്കാദമിക് വർഷം | Teacher<br>School<br>P.T.A |

# ഗണിതം യു.പി.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ് ....... ഉപയോഗിക്കുന്നു.) | ജൂൺ, ജൂലൈ ആഗസ്ത് മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത പഠനവും കരചലന ശേഷികളുടെ വികാസവും | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ,പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | **വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ :**<br>ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകർ | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകനം |
|---|---|---|---|---|
| 5) ഗണിതമേഖലയിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകർ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ)പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യം ഉണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ, ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ് ലീഡർമാർ | |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ. ടി സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അധ്യാപകരും മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു<br>നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# സോഷ്യൽ യു.പി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | അന്തർദേശീയ തലം മുതൽ ദേശീയ തലം വരെയുള്ള ഭൂപ്രകൃതി , നദികൾ, തലസ്ഥാനങ്ങൾ എന്നീ വിവരത്തിന്റെ അടിസ്ഥാനത്തിൽ ICT ഉപയോഗിച്ച് memory test നടത്തുന്നു. | June-August | Teacher |
| 2) കുട്ടികളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റുന്നു. | Virtual Field Trip ICT ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ കാണിച്ച് ചരിത്ര ബോധം വളർത്തിയെടുക്കൽ. | One Year | Teacher |

# ഇംഗ്ലീഷ് യു.പി.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം നൽകുന്നു. | Lend Your Ear: ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| | Follw me, if you can: ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News : ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt : വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണിക്കുന്നു. വസ്തു എന്തെന്ന് കുട്ടികൾ തിരിച്ചറിയുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |
| | One man show: പോയിന്റ് നൽകുന്നു. ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 2) ഭാവനാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can : വ്യത്യസ്ത തലങ്ങളിലായി വിവിധ വായനാ കാർഡുകൾ ക്രമീകരിക്കുന്നു,തെറ്റ് കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Learning Ladder: പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത് കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയിലൂടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the month : ഇംഗ്ലീഷ് ദിന പത്രം വായിക്കുവാൻ അവസരം നൽകി Reader of the month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തമാക്കുന്നു | My Droplets:കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷനറി എന്നിവ തയ്യാറാക്കുന്നു | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| | Alert Zone: സൂചനാ ബോർഡുകൾ പോസ്റ്ററുകൾ, നോട്ടീസുകൾ, എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ഫെബ്രുവരി | | |
| | Fun Time Funder: കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | ഇംഗ്ലീഷ് പിരിയഡ് | ഇംഗ്ലീഷ് അധ്യാപകർ | |

## ഹിന്ദി യു.പി.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| 1) 5,6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ: ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ട്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ അക്ഷ രമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി | |
| 2) ഹിന്ദി വായന: തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരി ശ്രമം ചെയ്യും. | നിരന്തര പുസ്തകം വായിച്ച് കേൾപ്പിച്ച് വാ യനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ സി.ഡിയിൽ കാണിച്ച് കൊ ടുക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി | |
| 3) ഹിന്ദി സംസാരം ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാ ക്കിയെടുക്കും. നിത്യ ജീവിത ത്തിൽ ആവശ്യം വരുന്നത് ഹി ന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉ പയോഗിക്കും അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദി ക്കും.ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവ രെ ക്ലാസിൽ കൊണ്ടു വരും. ഹിന്ദി തെറ്റിച്ച് അധ്യാപകർ വായിക്കും. കുട്ടികൾ അത് ശ്രദ്ധയോടെ അത് ശരിയായി വായിക്കും തെറ്റില്ലാതെ വായിക്കുന്ന കുട്ടികൾക്ക് സ മ്മാനം നൽകും | ജൂൺ മുതൽ ഫെബ്രുവരി വരെ | | |

# അടിസ്ഥാന ശാസ്ത്രം യു.പി.

## നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

1) 2024-2025 അക്കാദമിക വർഷം ശാസ്ത്ര ക്ലബ് ആഭിമുഖ്യത്തിൽ തൊഴിൽ നൈപുണി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കുട്ടികൾക്ക് വിവിധ തൊഴിൽ -പരിശീലനം നൽകാൻ പദ്ധതിയുണ്ട്. LED ബൾബ് നിർമ്മാണം, സോപ്പ്, ഹാൻഡ് വാഷ്, ഫിനൈൽ നിർമ്മാണം എന്നിവ അതിൽ ഉൾപ്പെടുന്നു. കുട്ടികൾ നിർമ്മിച്ച ഉല്പന്നങ്ങൾ 'കുട്ടിച്ചന്ത' എന്ന പേരിൽ വിപണനം നടത്താനും പദ്ധതിയുണ്ട്.

2) ആഴ്ചയിൽ ശാസ്ത്ര ക്ലബ് മീറ്റിംഗ് ചേരുവാനും ഒരു ശാസ്ത്ര പരീക്ഷണം-സയൻസ് ഫൺ കാണിച്ചുകൊടുക്കാനും, അതിലെ ശാസ്ത്ര തത്ത്വം കണ്ടുപിടിച്ചുവരാനും ആവശ്യപ്പെടുന്നു. ഇത് കുട്ടികളിൽ ശാസ്ത്രബോധം വളർത്താൻ സഹായിക്കും.

3) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാധ്യതകൾ - സമൂഹ പുരോഗതിക്ക് - സാധ്യതകൾ കുട്ടികൾക്ക് പരിചയപ്പെടുത്തൽ.

# ഉറുദു യു.പി.

## വായന

സുരലീ ആവാസ് (5,6,7) ക്ലാസുകളിലെ ഉർദുഭാഷ പഠിക്കുന്ന കുട്ടികൾക്ക് അനായാസം കൈകാര്യം ചെയ്യാനായി വായനാശേഷി കൈവരിക്കുന്നതിന്.

## നുമായിഷ്

ഉർദു പാഠപുസ്തകത്തിൽ പരാമർശിക്കപ്പെട്ട കവികളുടെയും കഥാകൃത്തുക്കളുടെയും വിവരണം.

## സർഗാത്മകത

ചിത്ര രചന, പാട്ടുകളുടെ വീഡിയോ പ്രദർശനം, ക്വിസ്, കൈയ്യെഴുത്ത്, പദകേളി, പോസ്റ്റർ, കവിതാലാപനം.

## ദിനാചരണങ്ങൾ

ദിനാചരണങ്ങളുടെ പേര് ഉർദുവിൽ മനസ്സിലാക്കുക. ഉർദു ഭാഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു.